LIBRARY ARCHIVES Kerala Legislative Assembly

ആധാരങ്ങൾ ഡിജിറ്റലാക്കാനുള്ള പദ്ധതി

213 (3964) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ ഡിജിറ്റലാക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ രജിസ്റ്റർ വാല്യങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ആധാരപകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) നിലവിൽ, ആധാരപകർപ്പുകൾക്കായുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്റർ തെരഞ്ഞുനോക്കി ആധാരം കണ്ടുപിടിച്ച് ഡിജിറ്റൽ ക്യാമറയുടെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ പകർപ്പ് തയ്യാറാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി ബന്ധപ്പെട്ട ആധാരം അടങ്ങുന്ന രജിസ്റ്റർ തെരഞ്ഞുനോക്കുന്നതിനുള്ള കാലതാമസവും അപേക്ഷകളുടെ എണ്ണവും സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിന് തടസ്സമാകുന്നു. ഈ കാലതാമസം പരിഹരിക്കുന്നതിനായി, നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചുവരുന്ന രജിസ്റ്റർ വാല്യങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി നിലവിലെ രജിസ്ട്രേഷൻ ഡേറ്റയുടെ ഭാഗമാക്കിക്കൊണ്ട് ആധാര പകർപ്പുകൾ ഉടനടി നൽകാവുന്ന തരത്തിലുള്ള സേവനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) സി-ഡിറ്റിന്റെ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) കൊട്ടാരക്കര (അഡീഷണൽ), നേമം, ചാല, പട്ടം, ശാസ്തമംഗലം, തിരുവല്ലം, തിരുവനന്തപുരം (പ്രിൻസിപ്പൽ) എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് നടപടി ഭാഗികമായി പൂർത്തിയായിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം പ്രകാരമുള്ള ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച തുക

214 (3965) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ശിവപുരം ലക്ഷംവീട് മിനിസ്റ്റേഡിയത്തിന് എത്ര തുക അനുവദിക്കുകയുണ്ടായി ;

(ബി) ചിറ്റാരിപ്പറമ്പ് സർക്കാർ ഹയർസെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര തുക അനുവദിക്കുകയുണ്ടായി ;

(സി) പ്രസ്തുത രണ്ട് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിക്കുകയുണ്ടായോ; ഏത് ഫയൽ നമ്പർ പ്രകാരം എന്നാണ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) മട്ടന്നൂർ നിയോജക മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിവപുരം ലക്ഷംവീട് മിനി സ്റ്റേഡിയത്തിന്റെയും ചിറ്റാരിപ്പറമ്പ് സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന്റേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടില്ല.

ഊട്ടറ പാലത്തിന്റെ അപകടാവസ്ഥ

215 (3966) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട്-പുതുനഗരം റോഡിലെ ഊട്ടറ പാലത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ കാലപ്പഴക്കം, അപകടാവസ്ഥ എന്നിവ സംബന്ധിച്ച് എന്തെല്ലാം പഠനങ്ങളാണ് നടത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly